പതിനാലാം കേരള നിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 6745 9.11.2016 -ൽ മറുപടിയ്ക്ക്

## കെ.ടി.ഡി.സി. യുടെ സഞ്ചിത നഷ്ടം കറയ്ക്കുവാൻ പദ്ധതികൾ

| ചോദ്യം<br>ശ്രീ.മഞ്ഞളാംകുഴി അലി<br>ശ്രീ. പി.ഉബൈദുള്ള<br>ശ്രീ. ടി. വി. ഇബ്രാഹിം<br>ശ്രീ. പി.കെ.ബഷീർ : | | | മറുപടി<br>ശ്രീ. എ.സി.മൊയ്തീൻ, സഹകരണവും വിനോദസഞ്ചാരവും വകുപ്പ മന്ത്രി |
|---|---|---|---|
| എ) | കേരള വിനോദ സഞ്ചാര വികസന കോർപ്പറേഷന്റെ സഞ്ചിത നഷ്ടം കുറച്ചു കൊണ്ടു വരുന്നത് ലക്ഷ്യമിട്ട് പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ അതു സംബന്ധിച്ച് വിശദമാക്കുമോ; | എ) | കേരള വിനോദ സഞ്ചാര വികസന കോർപ്പറേഷന്റെ സഞ്ചിത നഷ്ടം കുറച്ചു കൊണ്ടു വരുന്നതിന് വിവിധ പദ്ധതികൾ തയ്യാറാക്കി വരുന്നു. ചെലവു ചുരുക്കാനുള്ള പദ്ധതികൾ ആവിഷ്കരിക്കുന്നു. ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനായി തൊഴിലാളികളെ പുനർവിന്യസിക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| ബി) | കെ.ടി.ഡി.സി. യുടെ കീഴിലെ ടാമറിന്റ് ഹോട്ടലുകളുടെ പ്രവർത്തനം പ്രത്യേകമായി നിരീക്ഷിച്ചിട്ടുണ്ടോ; എങ്കിൽ ഫലമെന്താണെന്ന് വ്യക്തമാക്കുമോ; | ബി) | കെ.ടി.ഡി.സിയുടെ മറ്റ് ഹോട്ടലുകളോടൊപ്പം കെ.ടി.ഡി.സി. ടാമറിന്റ് ഹോട്ടലുകൾക്ക് മാർക്കറ്റിൽ നല്ല ഡിമാന്റുണ്ട്. ഇവ തൃപ്തികരമായാണ് പ്രവർത്തിച്ചുവരുന്നത്. സ്ഥാപനത്തിന്റെ ലൊക്കേഷനനുസരിച്ച് വരുമാനത്തിലും ലാഭത്തിലും മാറ്റമുണ്ട്. ടാമറിന്റ് ഹോട്ടലിന്റെ ആദ്യത്തെ ആറുമാസത്തെ കണക്കു പ്രകാരം കൊല്ലം, തൃശ്ശൂർ, ചങ്ങനാശ്ശേരി, ഗുരുവായൂർ, മണ്ണാർക്കാട്, നിലമ്പൂർ എന്നിവ ലാഭത്തിൽ പ്രവർത്തിക്കുന്നു. നെയ്യാർഡാം, പീരുമേട്, കാലടി, ആലപ്പുഴ, കണ്ണൂർ, തിരുനെല്ലി, കൊണ്ടോട്ടി, പറശ്ശിനിക്കടവ് എന്നിവ നഷ്ടത്തിലാണ് പ്രവർത്തിക്കുന്നത്. |
| സി) | കെ.ടി.ഡി.സി യുടെ ആഭിമുഖ്യത്തിൽ നടത്തുന്ന പാക്കേജ് ടൂറുകൾ ഏതൊക്കെയാണ്; അവ വിപുലമാക്കാൻ ലക്ഷ്യമുണ്ടോ; വിശദമാക്കുമോ? | സി) | കെ.ടി.ഡി.സി നിലവിൽ പാക്കേജ് ടൂറുകൾ നടപ്പിലാക്കിയിട്ടുണ്ട്. മൂന്നുതരം പാക്കേജുകൾ ആണ് നിലവിൽ പ്രവർത്തിച്ചുവരുന്നത്. കൊച്ചി, മൂന്നാർ, കുമരകം, കൊച്ചി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുള്ള 4 രാത്രി / 5 ദിവസത്തെ ടൂർ, കൊച്ചി, മൂന്നാർ, തേക്കടി, കുമരകം, കൊച്ചി എന്നീ സ്ഥലങ്ങളെ ബന്ധിപ്പിച്ചുള്ള 5 രാത്രി/6 ദിവസത്തെ ടൂർ, തിരുവനന്തപുരം-കോവളം, കുമരകം, തേക്കടി, |

| | | | |
|---|---|---|---|
| | | | മൂന്നാർ, കൊച്ചി എന്നീ സ്ഥലങ്ങൾ ഉൾപ്പെടുത്തിയിട്ടുള്ള 7 രാത്രി/ 8 ദിവസത്തെ ടൂർ പാക്കേജുകളാണിവ. പ്രസ്തുത പാക്കേജുകളിൽ കെ.ടി.ഡി.സി ഹോട്ടലുകളിലെ താമസം, രാവിലത്തെ ഭക്ഷണം, ഒരു ടൂറിസ്റ്റ് കേന്ദ്രത്തിൽ നിന്നും മറ്റൊന്നിലേയ്ക്കുള്ള യാത്ര, അതാത് പ്രദേശത്തെ കാഴ്ചകൾ കാണുന്നതിനുള്ള യാത്ര, വിമാനത്താവളം/റെയിൽവേ സ്റ്റേഷനിൽ നിന്നും കെ.ടി.ഡി.സി ഹോട്ടലിലേയ്ക്കും തിരിച്ചുമുള്ള യാത്ര എന്നിവ ഉൾപ്പെടുത്തിയാണ് മേൽ പറഞ്ഞ പാക്കേജുകൾ തയ്യാറാക്കിയിരിക്കുന്നത്. പാക്കേജ് തുക സഞ്ചാരികൾ തെരഞ്ഞെടുക്കുന്ന വാഹനത്തിനെ അടിസ്ഥാനമാക്കിയാണ് നിശ്ചയിക്കപ്പെട്ടിട്ടുള്ളത്. പാക്കേജുകൾ സഞ്ചാരികളുടെ താല്പര്യവും സൗകര്യവും അനുസരിച്ച് അവർക്ക് ആവശ്യമായ രീതിയിൽ മറ്റു സ്ഥലങ്ങൾ ഉൾപ്പെടുത്തിയും തയ്യാറാക്കി കൊടുക്കുന്നുണ്ട്. കെ.ടി.ഡി.സി ഹോട്ടലുകൾ/റിസോർട്ടുകൾ ഉള്ള സ്ഥലങ്ങൾ ബന്ധിപ്പിച്ചാണ് പ്രസ്തുത പാക്കേജുകൾ തയ്യാറാക്കി നൽകുന്നത്. മാർക്കറ്റ് ഡിമാന്റനുസരിച്ച് ഈ പാക്കേജുകൾ വിപുലീകരിക്കാവുന്നതാണ്. |

സെക്ഷൻ ഓഫീസർ